ഗുണനിലവാരമുള്ള കുടിവെള്ളം

225 (917) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനും അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കുടിവെള്ള വിതരണം കാര്യക്ഷമമാക്കാനും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇപ്പോൾ കേരള വാട്ടർ അതോറിറ്റി ചെറുതും വലുതുമായ 1241 കുടിവെള്ള പദ്ധതികൾ വഴിയാണ് കുടിവെള്ളം ലഭ്യമാക്കുന്നത്. ഇതിനുപുറമേ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും, നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെയും ജിക്ക, ലോകബാങ്ക് തുടങ്ങിയ വിദേശ ഏജൻസികളുടെയും ധനസഹായത്തോടെ 299 പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയാക്കുന്നതോടുകൂടി കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും. ഇതുകൂടാതെ നിലവിലുള്ള പദ്ധതികളിലെ ജലശോഷണം തടയുന്നതിനായി കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിച്ചും ഉറവിടം മെച്ചപ്പെടുത്തുക, ആഴം കൂട്ടുക, തടയണകൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുക, നിലവിലുള്ള പദ്ധതികളിലെ വാൽവുകൾ ക്രമീകരിച്ച് ജലദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ ശുദ്ധജലം എത്തിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാ ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുവരുന്നത്. ഇതുകൂടാതെ ഇപ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഇന്ത്യൻ സ്റ്റാന്റേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന

LIBRARY ARCHIVES Kerala Legislative Assembly

നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്ന 14 ജില്ലാതല ലാബുകൾ വാട്ടർ അതോറിറ്റിയുടെ കീഴിലുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാമിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ മേൽപ്പറഞ്ഞ 14 ജില്ലാതല ലാബുകളിലും 32 സബ് ഡിവിഷണൽ ലാബുകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിലെ കിണറുകളിലും ട്യൂബ് വെല്ലുകളിലും നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാ ഫലം 'indiawater.gov.in' വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. ഇതുകൂടാതെ 200 പേർക്ക് ഒരു സാമ്പിൾ എന്ന കണക്കിൽ പുതിയ 31 സബ് ഡിവിഷണൽ ലാബുകൾ ആരംഭിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ എപ്പോഴും ലഭ്യമാക്കുകയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലം പദ്ധതി പ്രദേശങ്ങളിൽ ആവശ്യമായ അളവിൽ വിതരണം ചെയ്യുകയാണ് ഈ പദ്ധതിയുടെ സവിശേഷത.

(സി) കേരള ജല അതോറിറ്റി മുഖേനയാണ് സംസ്ഥാനത്ത് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, നബാർഡ്, ജിക്ക എന്നിവയുടെ ധനസഹായത്തോടെയാണ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്. ഇതിനുപുറമേ ജലനിധി, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയും ജലവിതരണത്തിനായി പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ Project Alert System (PASK) സംവിധാനങ്ങളിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതികളുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly